# മാതൃഭൂമി നടന്ന വഴിയേ മനോരമ ഓടുമ്പോൾ

**രേഖാ മേനോൻ**

എം.പി.വീരേന്ദ്രകുമാറിനെ മഹാനാക്കി ചിത്രീകരിക്കുന്ന തരത്തിൽ വാർത്തകളും ലേഖനങ്ങളും ഫോട്ടോകളും തയാറാക്കി വിളമ്പി വിളമ്പി മുഷിപ്പിച്ചാണ് മാതൃഭൂമി ദിനപ്പത്രം അതിന്റെ ബാക്കി നിന്നിരുന്ന സൽപ്പേര് കളഞ്ഞുകുളിച്ചത്. മാതൃഭൂമിയുടെ ദേഹണ്ഡക്കാർ ശ്രമിച്ചത് വീരേന്ദ്രകുമാറിനെ ഒരു നായക കഥാപാത്രമാക്കി; സാഹിത്യകാരനും ചിന്തകനും നിരൂപകനും വാഗ്മിയും സഹൃദയനും 'സന്മാർഗിയും ഉന്നത വൃത്തങ്ങളിൽ പിടിപാടുള്ളവനും' ഒക്കെയും ഒക്കെയുമാക്കി; ജനഹൃദയങ്ങളിൽ പ്രതിഷ്ഠിക്കാനായിരുന്നു. വീരേന്ദ്രന്റെ ആ അൽപത്തം മൂലം സത്യത്തിൽ അയാൾക്കുണ്ടായിരുന്ന വ്യക്തിഗുണങ്ങൾ പോലും മറക്കപ്പെട്ട് അയാൾ പരിഹാസ്യനാവുകയാണുണ്ടായത് എന്നത് വർത്തമാനകാല ചരിത്ര സത്യം.

ഇപ്പോളിതാ മാതൃഭൂമിയുടെ വഴിയേ മനോരമയും നടക്കുന്നു! മാതൃഭൂമി ചെയ്ത പോലെ ഒരു വ്യക്തിയെ പൊയ്ക്കാലിൽ പൊക്കാനല്ല മനോരമയുടെ ശ്രമം. മലയാളമനോരമ എന്ന ഉല്പന്നനാമത്തേയും ആ ബിസിനസ് കുടുംബത്തിന്റെ മറ്റുല്പന്നങ്ങളേയും അതിന്റെ സാരഥികളേയും കേന്ദ്ര വാർത്തകളാക്കിക്കൊണ്ട് ഒരു 'സ്ഥാനവലിപ്പ നിർമാണ' (ഇമേജ് ബിൽഡിംഗ്) മാണ് മനോരമ ശ്രമിക്കുന്നത്. അതിനായി മലയാളമനോരമ പത്രത്തിന്റെ ആദ്യപേജിന്റെ പ്രധാന സ്ഥാനങ്ങൾതന്നെ തുടർച്ചയായി ഉപയോഗപ്പെടുത്തുന്നു. അത് എതിർക്കപ്പെടേണ്ട ഒരുതരം പരോക്ഷപരസ്യരീതിയാണ്.

ഏപ്രിൽ 7 മുതൽ 14 വരെയുള്ള ഒരാഴ്ചത്തെ മനോരമ പത്രങ്ങളെടുത്ത് ആദ്യപേജുകൾ നോക്കുക.

മലയാള മനോരമയുടെ ആദ്യപേജിൽ ഒരു വാർത്തയായി ഇടംകിട്ടാൻ ഒരു പരിപാടിയുടെ സംഘാടകർ എന്തു ചെയ്യണമെന്നതിന്റെ സൂചനയാണ് ഏപ്രിൽ 7-ാം തിയ്യതിയിലെ പത്രം. പൂജപ്പുരയിലെ സി.അച്യുതമേനോൻ പഠനകേന്ദ്രത്തിന്റെ ഉദ്ഘാടനച്ചടങ്ങിന്റെ റിപ്പോർട്ടാണ് അന്നത്തെ പത്രത്തിലെ ആദ്യവാർത്ത. ഉപരാഷ്ട്രപതി കൃഷ്ണകാന്തും മനോരമ ചീഫ് എഡിറ്റർ കെ.എം.മാത്യുവും മറ്റുള്ള പ്രമുഖ




വ്യക്തികളും നിൽക്കുന്ന മൂന്നുകോളം കളർ ഫോട്ടോയും അതിന് വലതുവശം നാലുകോളം വാർത്തയും മൊത്തം ഏഴുകോളം. പ്രസ്തുത ചടങ്ങിലന്ന് കെ.എം.മാത്യു പങ്കെടുത്തില്ലായിരുന്നെങ്കിൽ ഈ വാർത്ത എവിടെ കിടക്കുമായിരുന്നെന്ന് ഊഹിച്ചുനോക്കുക.

ഇനി ഒമ്പതാം തീയതിയിലെ പത്രമെടുക്കുക. ആദ്യപേജിൽ തലക്കെട്ടിനു താഴെ വലതുഭാഗത്ത് നാലുകോളത്തിൽ ഒരു വർണചിത്രം. ഇന്ത്യൻ ന്യൂസ് പേപ്പർ സൊസൈറ്റിയുടെ വജ്ര ജൂബിലിയാഘോഷം രാഷ്ട്രപതി ഉദ്ഘാടനം ചെയ്യുന്ന ചിത്രം. ഒപ്പം മനോരമ എഡിറ്റർ മാമ്മൻ മാത്യുവുമുണ്ട്. മാമ്മൻ മാത്യുവിനെ 'വ്യക്ത'നാക്കുവാൻ വേണ്ടി കെ.ആർ.നാരായണനെ മൂലയ്ക്കൊതുക്കിയെടുത്ത ആ ചിത്രം സൂക്ഷ്മപരിശോധനതന്നെ നടത്തുക. പിന്നെ വേദിയിൽ മാമ്മൻ മാത്യുവില്ലായിരുന്നെങ്കിൽ ആ ഫോട്ടോ ഒമ്പതാം പേജിലെങ്കിലും (അവിടെ ഈ വിഷയവുമായി ബന്ധപ്പെട്ട റിപ്പോർട്ടുണ്ട്) വരുമായിരുന്നോ എന്നും ആലോചിച്ചുനോക്കുക.

ദ്വൈവാരികയായിരുന്ന ബാലരമ വാരികയാക്കിയപ്പോൾ അതിനെ ഒരു ഒന്നാംപേജ് കൗതുകവാർത്തയാക്കാവുന്ന തരത്തിലാണ് 'ബാലരമ വാരിക'യുടെ ഉദ്ഘാടനം സംഘടിപ്പിച്ചത്. പത്രങ്ങൾതന്നെ ഇരട്ടക്കുട്ടികളുടെ ഗ്രാമമെന്നു പാടിപ്പുകഴ്ത്തിയ കടവല്ലൂരിലെ ഏതാനും ഇരട്ടക്കുട്ടികളെ വിളിച്ചിരുത്തി അവർക്ക് കോപ്പി നൽകിക്കൊണ്ടാണ് ബാലരമ വാരികയുടെ ഉദ്ഘാടനം നടത്തിയത്. ഏപ്രിൽ 10-ാം തിയ്യതിയിലെ മനോരമയിലെ ഒന്നാം പേജിലെ വാർത്തയും അതുതന്നെ. ഇരട്ടക്കുട്ടികളുടെ സംഘം ബാലരമ പൊക്കിപ്പിടിച്ച് പോസ് ചെയ്തിരിക്കുന്ന ഒരു നാല് കോളം ചിത്രവും മൂന്നുകോളം വാർത്തയും കൂടി മൊത്തം ഏഴു കോളം! വായനക്കാരനെ കോക്കിരി കാണിക്കുന്ന ഒരു വ്യാജപരസ്യതന്ത്രം.

കോളജ് മാഗസിനുകൾക്കുള്ള 'മലയാള മനോരമ ചീഫ് എഡിറ്റേഴ്സ് ട്രോഫി' നേടിയ കോളജ് മാഗസിനുകളുടെയും അവയുടെ എഡിറ്റർമാരുടെയും ചിത്രങ്ങളുമായി ഒരു നാലുകോളം ബോക്സാണ് ഏപ്രിൽ 13-ാംനുയിലെ മനോരമയുടെ ആദ്യപേജിൽ തയാറാക്കിയിരിക്കുന്നത്.

14-ാം തിയതിയിലെ മനോരമ പത്രം, ഒരു വെറും ബിസിനസ് മാത്രമാണെന്നു വീണ്ടും തെളിയിക്കുന്നതാകുന്നു. മനോരമയും ക്രേസുംകൂടി സംഘടിപ്പിച്ച ലോകകപ്പ് ക്രിക്കറ്റ് ടീം പ്രവചനമത്സരത്തിന്റെ വിശദ വിവരങ്ങളും വിജയികളുടെ വിലാസവും ചിത്രങ്ങളും ചേർത്ത ഒരേഴുകോളം ബോക്സാണ് അന്നത്തെ പത്രത്തിന്റെ തിരുനെറ്റിക്കുതാഴെ നെടുനീളത്തിൽ.

മനോരമയുടെ കാര്യമായതിനാൽ ഇതൊരു ചിന്തിച്ചുറപ്പിച്ച പദ്ധതിയാണെന്നുവേണം മനസിലാക്കാൻ. അടുത്ത ഊഴം വായനക്കാരുടേതാണ്.